(സി) സാമൂഹ്യപാഠത്തിന്റെ ബൃഹത്തായ പാഠ്യക്രമംമൂലം യഥാസമയം പഠിപ്പിച്ചുതീർക്കുന്നതിന് സാധിക്കുന്നില്ലായെന്ന വ്യപകമായ പരാതി ഗൗരവമായി എടുത്ത് പാഠ്യക്രമം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-ാം ക്ലാസ്സിലെ സാമൂഹ്യപാഠത്തിന്റെ പാഠ്യക്രമം ബൃഹത്താണ് എന്നത് സംബന്ധിച്ച് അഭിപ്രായം ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാമൂഹ്യ ശാസ്ത്രത്തിന്റെ പാഠ്യക്രമം സ്റ്റേറ്റ് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കിയിട്ടുള്ളതാണ്. ഇപ്പോൾ നടക്കുന്ന പാഠ്യ പദ്ധതി പരിഷ്കരണത്തിന് തുടർച്ചയായി സാമൂഹ്യ ശാസ്ത്രത്തിന്റെ പാഠ്യക്രമം പരിഷ്കരിക്കുന്നത് സ്റ്റേറ്റ് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പിലാക്കുന്നതാണ്.

## അസാപ് (ASAP)-സ്കിൽ പാർക്കുകൾ

**111(3022)** ശ്രീ. ടി. വി. രാജേഷ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിന് പരിശീലനം നൽകുന്ന പദ്ധതിക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും വായ്പ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് വായ്പ ലഭിച്ചത് ; ഈ വായ്പയുടെ വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ;

(ബി) അസാപിന്റെ (ASAP) കീഴിൽ എവിടെയൊക്കെയാണ് സ്കിൽ പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത് ; ഇതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. 100 മില്ല്യൺ ഡോളേഴ്സ് (621 കോടി രൂപ)വായ്പ ലഭിക്കുന്നതാണ്. ഇതിന്റെ ആദ്യഗഡുവായി 20 മില്ല്യൺ ഡോളേഴ്സ് (120 കോടി രൂപ) ഈ വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതൊരു ആർ.ബി.എൽ. (Result Based Lending)ആണ്. 2018-നുള്ളിൽ 2,30,000 കുട്ടികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നൽകുക, ഈ കുട്ടികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക, 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ ആയി പ്രവർത്തിക്കുന്ന നിലവിലുള്ള സർക്കാർ സ്കൂൾ/കോളേജുകളെ നവീകരിക്കുക, 900 സ്ഥാപനങ്ങളെ അസാപ് പദ്ധതിയിൽ ചേർക്കുക, 2000 ത്തോളം സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ കണ്ടെത്തുക തുടങ്ങിയവയാണ് ഇതിന്റെ വ്യവസ്ഥകൾ.

(ബി) ആദ്യ ഘട്ടത്തിൽ 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനു ആവശ്യമായ സർക്കാർ ഭൂമി ലഭ്യമാക്കാൻ എം.എൽ.എ.മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 15000 മുതൽ 20000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്കിൽ ട്രെയിനിംഗ് സെന്ററുകളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. ഇവയിൽ ഹെവി മെഷിനറി, ഐ.ടി. പ്രിവിഷൻ, ആക്കിവിറ്റി എന്നിവ അടിസ്ഥാനമാക്കിയ തൊഴിൽ പരിശീലനത്തിന് സൗകര്യമുണ്ടായിരിക്കും.

## ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് HSST ജിയോളജി (സീനിയർ) തസ്തിക

**112(3023)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് HSST ജിയോളജി (സീനിയർ) തസ്തികയിൽ 2012-ന് ശേഷം പുതുതായി അംഗീകാരം ലഭിച്ച എത്ര തസ്തികകളാണുള്ളതെന്ന് വിശദീകരിക്കുമോ ;

(ബി) ഇതിൽ എത്ര തസ്തികകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പുതുതായി അംഗീകാരം ലഭിച്ചതോ, ഒഴിവുവരുന്നതോ ആയ തസ്തികകളിൽ എത്ര ശതമാനമാണ് ബൈടാൻസ്പർ നിയമനത്തിനായി നീക്കിവയ്ക്കാൻ കഴിയുക എന്ന കാര്യം വിശദമാക്കുമോ ;

(ഇ) നിലവിൽ ബൈടാൻസ്പർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അപേക്ഷ ക്ഷണിക്കാത്ത കാര്യത്തിനായി തസ്തികകൾ മാറ്റിവയ്ക്കാൻ സാധിക്കുമോ ; ആയത് ഏത് നിയമപ്രകാരമാണെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly